**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5819** **08-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ ഔട്ട്‌ലറ്റുകളിൽ ആവശ്യത്തിന് കോഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ചിക്കൻ ഔട്ട്‌ലറ്റുകളിൽ ആവശ്യത്തിന് കോഴികളെ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ കേരള ചിക്കൻ ഔട്ട്‌ലറ്റുകളിൽ ആവശ്യത്തിന് കോഴികളെ ലഭ്യമാക്കുന്നതിനായി പുതിയ ഫാം അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ പുതിയതായി കേരള ചിക്കൻ ഫാം അനുവദിക്കുന്നതിന് അപേക്ഷകൾ ലഭ്യമാകുന്നുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് എന്നിവയോടുകൂടി പ്രവർത്തിക്കുന്ന ഫാമുകളുടെ അപേക്ഷ ലഭിക്കുന്നത് കുറവാണ്. പ്രസ്തുത ലൈസൻസ്, സർട്ടിഫിക്കറ്റ് എന്നിവയോടുകൂടി ലഭിക്കുന്നഅപേക്ഷകൾ കേരള ചിക്കൻ പദ്ധതിയ്ക്കായി പരിഗണിക്കുന്നുണ്ട്. കൂടാതെ നിലവിൽ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരള ചിക്കൻ ഫാമുകളിൽ പരമാവധി 5000 കോഴികളെ വരെയാണ് ഇൻറഗ്രേഷൻ ആയി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആയത് 10000 ആയി ഉയർത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ ഫാം കപ്പാസിറ്റി കൂടുതലുള്ള ഫാമുകളിൽ 10000 കോഴികളെ വരെ വളർത്താൻ കഴിയുകയും ആയത് മുഖേന കേരള ചിക്കൻ ഔട്ട് ലെറ്റുകളിൽ ആവശ്യത്തിന് കോഴികളെ ലഭ്യമാക്കുന്നതിന് സാധിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ